കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 28 | 2022 |
|---|---|---|



ശബരിമല പത്രക്കുറിപ്പ് - 2

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

# വൈദ്യുതി മുടങ്ങിയത് 39 സെക്കന്റ് മാത്രം

ശബരിമല: മണ്ഡല കാലത്ത് ശബരിമലയിലേക്കുള്ള വൈദ്യുതി പൂർണ്ണമായും മുടങ്ങിയത് 39 സെക്കന്റ് മാത്രം. വൈദ്യുതി കേബിളിൽ ചെറു ജീവികളു ാക്കിയ തകരാർ സെക്കന്റുകൾക്കകം പരിഹരിക്കുകയായിരുന്നു.

മൂന്ന് വർഷം മുമ്പ് വരെ ബെയർ ലൈൻ വഴിയാണ് പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് വൈദ്യുതി എത്തിച്ചത്. എന്നാൽ വന്യജീവികളുടെ സുരക്ഷ കണക്കിലെടുത്ത് പിന്നീട് ഇൻസുലേറ്റഡ് ഹൈ ടെൻഷൻ, ലോ ടെൻഷൻ ലൈനുകൾ സ്ഥാപിക്കുകയായിരുന്നു. ഇതോടെ വന്യജീവികൾക്ക് വൈദ്യുതാഘാതമേൽക്കുന്നത് ഒഴിവാകുകയും വൈദ്യുതി തടസം കുറയുകയും ചെയ്തു. കൂടാതെ കെ എസ് ഇ ബി ഉദ്യോഗസ്ഥർ പട്രോളിംഗ് നടത്തി ക ത്തുന്ന ലൈനിലെ പ്രശ്നങ്ങൾ അതാത് സമയം പരിഹരിക്കുന്നു ്. മണ്ഡല പൂജക്ക് ശേഷം നട അടച്ചതോടെ അവശേഷിക്കുന്ന പ്രവൃത്തി നടത്തുന്ന തിരക്കിലാണ് ഉദ്യോഗസ്ഥർ. കേബിൾ കടന്ന് പോകുന്ന വഴിയിലെ പരിശോധന,

തകരാറിലായ ഫ്യൂസ്, ബൾബ് എന്നിവ മാറ്റി സ്ഥാപിക്കൽ തുടങ്ങിയവയാണ് പ്രധാനമായും ചെയ്യുന്നത്. ഇത് ഡിസംബർ 30നകം പൂർത്തിയാകും.

***ഫോട്ടോ ക്യാപ്ഷൻ: പമ്പയിൽ നിന്ന് സന്നിധാനത്തേക്കുള്ള വൈദ്യുതി ലൈനിൽ കെ എസ് ഇ ബി അധികൃതർ അറ്റകുറ്റ പ്രവൃത്തി നടത്തുന്നു***

(പി.ആർ. ശബരി- 207)

# ജല വിതരണം സുഗമമാക്കാൻ അറ്റകുറ്റ പ്രവൃത്തി

ശബരിമല: പമ്പ മുതൽ സന്നിധാനം വരെയുള്ള ജല വിതരണം സുഗമമാക്കാൻ ജല അതോറിറ്റിയുടെ നേതൃത്വത്തിൽ അറ്റകുറ്റ പ്രവൃത്തി പുരോഗമിക്കുന്നു. അഞ്ച് പമ്പ് ഹൗസുകളിലെയും പൈപ്പ് ലൈനിലെയും പ്രവൃത്തിയാണ് നടത്തുന്നത്.

നാല് ടാങ്കുകളിലാണ് പ്രധാനമായും കുടിവെള്ളം ശേഖരിക്കുന്നത്. ശരംകുത്തിയിൽ 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ര ്, ആറ് ലക്ഷം ലിറ്ററിന്റെ ഒന്ന്, ജ്യോതി നഗറിൽ 10 ലക്ഷം ലിറ്ററിന്റെ ഒന്ന് എന്നിങ്ങനെയാണ് ടാങ്കുകളുള്ളത്. നട തുറക്കുന്ന ഡിസംബർ 30നകം ഈ സംഭരണികളിൽ വെള്ളം നിറച്ചുവെക്കും. പമ്പു ഹൗസുകളിലും ചരൽമേട്, മരക്കൂട്ടം, ശബരീ പീഠം എന്നിവിടങ്ങളിലെ കുടിവെള്ള ലൈനിലുമു ായ ചോർച്ച പരിഹരിച്ചു. സ്റ്റാൻഡ് ബൈ പമ്പുകളുടെ പ്രിവന്റീവ് അറ്റകുറ്റ പ്രവൃത്തിയും നടത്തി. ശുദ്ധജലം ഉൽപ്പാദിപ്പിക്കുന്ന ആർ ഒ പ്ലാന്റുകളിലും പ്രവൃത്തി നടത്തും. പമ്പ മുതൽ സന്നിധാനം വരെയുള്ള 12 ആർ ഒ പ്ലാന്റുകളിൽ നിന്നും മണിക്കൂറിൽ 35,000 ലിറ്റർ വെള്ളമാണ് ഉൽപ്പാദിപ്പിക്കുന്നത്.

***ഫോട്ടോ ക്യാപ്ഷൻ: പമ്പയിൽ നിന്നും സന്നിധാനത്തേക്കുള്ള ജല വിതരണ പൈപ്പ് ലൈനിൽ ശബരി പീഠത്തിൽ ജല അതോറിറ്റിയുടെ നേതൃത്വത്തിൽ അറ്റകുറ്റ പ്രവൃത്തി നടത്തുന്നു***

(പി.ആർ. ശബരി- 208)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.